**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4477** **18-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖത്തെ മൾട്ടി മോഡൽ ലോജിസ്റ്റിക് സേവനദാതാവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ ഡി കെ മുരളി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ മൾട്ടി മോഡൽ ലോജിസ്റ്റിക് സേവനദാതാവായി മാറ്റുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ആഗോള നിക്ഷേപ ഭൂപടത്തിൽ ഉറപ്പിച്ചു നിർത്തുക എന്ന ലക്ഷ്യത്തോടെ നിക്ഷേപക സംഗമമായ വിഴിഞ്ഞം കോൺക്ലേവ് 2025 ജനുവരി 28, 29 തീയതികളിലായി നടന്നു. സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (കെഎസ്ഐഡിസി) വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡും (വിഐഎസ് എൽ) തിരുവനന്തപുരം ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രീസുമായി (ടിസിസിഐ) ചേർന്ന് തിരുവനന്തപുരത്ത് വെച്ച് സംഘടിപ്പിച്ച ഈ കോൺക്ലേവിൽ 30ലധികം പ്രതിനിധികളും അൻപതിലധികം കമ്പനികളും പങ്കെടുത്തിരുന്നു.<br><br>വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടും മൂന്നും ഘട്ട വികസനം 2028-ൽ പൂർത്തിയാകുമെന്നും പാസഞ്ചർ കാർഗോ ഷിപ്പ്മെന്റ് സൗകര്യങ്ങൾ കൂടി വരുന്നതോടെ വിഴിഞ്ഞം ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക് ഹബ്ബ് കേരളത്തിന്റെ വികസനത്തിന്റെയും പുരോഗതിയുടെയും പ്രവേശന കവാടമായി തീരുമെന്നും കരുതുന്നു. |
| (ബി) | വിഴിഞ്ഞം തുറമുഖം കേന്ദ്രമാക്കി സുസ്ഥിര ആഗോള വിതരണ ശൃംഖല സൃഷ്ടിക്കുന്നതിനായി ഏതെങ്കിലും വൻകിട കമ്പനികൾ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ആഗോള നിക്ഷേപ ഭൂപടത്തിൽ ഉറപ്പിച്ചു നിർത്തുക എന്ന ലക്ഷ്യത്തോടെ നിക്ഷേപക സംഗമമായ വിഴിഞ്ഞം കോൺക്ലേവ് 2025 ജനുവരി 28, 29 തീയതികളിലായി നടന്നു. സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (കെഎസ്ഐഡിസി) വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡും (വിഐഎസ് എൽ) തിരുവനന്തപുരം ചേംബർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രീസുമായി (ടിസിസിഐ) ചേർന്ന് തിരുവനന്തപുരത്ത് വെച്ച് സംഘടിപ്പിച്ച ഈ |

| | | | |
|---|---|---|---|
| | | | കോൺക്ലേവിൽ 30ലധികം പ്രതിനിധികളും അൻപതിലധികം കമ്പനികളും പങ്കെടുത്തിരുന്നു.<br><br>വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടും മൂന്നും ഘട്ട വികസനം 2028-ൽ പൂർത്തിയാകുമെന്നും പാസഞ്ചർ കാർഗോ ഷിപ്പ്മെന്റ് സൗകര്യങ്ങൾ കൂടി വരുന്നതോടെ വിഴിഞ്ഞം ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക് ഹബ്ബ് കേരളത്തിന്റെ വികസനത്തിന്റെയും പുരോഗതിയുടെയും പ്രവേശന കവാടമായി തീരുമെന്നും കരുതുന്നു. |
| (സി) | വിഴിഞ്ഞം തുറമുഖത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; കപ്പലുകളുടെ കാത്തിരിപ്പ് സമയം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ടത്തിന്റെ പ്രതിമാസ സ്ഥാപിത ശേഷി 83,033 TEU കണ്ടെയ്നറുകളാണ്. ട്രയൽ റൺ ആരംഭിച്ച ശേഷവും വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച ശേഷവും തുറമുഖത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിച്ചു വരുന്നുണ്ട്. 2024 ഡിസംബർ 3 ന് തുറമുഖത്തിന്റെ ഒന്നാം ഘട്ടം പ്രവർത്തനക്ഷമമായത് മുതൽ ഡിസംബർ മാസത്തിൽ 67,338 TEU കണ്ടെയ്നറുകൾ, ജനുവരി മാസത്തിൽ 85,635 TEU കണ്ടെയ്നറുകൾ, ഫെബ്രുവരി മാസത്തിൽ 78,833 TEU കണ്ടെയ്നറുകൾ എന്നിങ്ങനെയാണ് കൈകാര്യം ചെയ്തത്. ഇത് യഥാക്രമം തുറമുഖത്തിന്റെ നിലവിലെ ശേഷിയുടെ 81%, 103%, 95% മാണ്. തുറമുഖത്തിന്റെ ഉൽപ്പാദനക്ഷമത ക്രമമായി വർദ്ധിച്ചു വരുന്നതാണ് ഇത് വ്യക്തമാക്കുന്നത്.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ കണ്ടെയ്നർ ഹാൻഡ്ലിങ് പ്രവർത്തങ്ങൾ ഓട്ടോമേറ്റഡ് ആയിട്ടാണ് ചെയ്യുന്നത്. ഇന്ത്യയിലെ തന്നെ ആദ്യത്തെ ഓട്ടൊമേറ്റഡ് കണ്ടെയ്നർ ടെർമിനലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തുള്ളത്. ഓട്ടൊമേറ്റഡ് പ്രവർത്തനം നടത്തുന്നതിനാൽ മറ്റു തുറമുഖങ്ങളെ അപേക്ഷിച്ച് വിഴിഞ്ഞം തുറമുഖത്തിന്റെ ഉൽപാദന ക്ഷമത കൂടുതലാണ്. |
| (ഡി) | ഫെബ്രുവരി മാസം കൈകാര്യം ചെയ്ത ചരക്കിന്റെ അളവിൽ ഇന്ത്യയിലെ തെക്ക്-കിഴക്കൻ മേഖലകളിലെ തുറമുഖങ്ങളിൽ ഒന്നാമതെത്തുവാൻ വിഴിഞ്ഞത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഫെബ്രുവരി മാസത്തിൽ വിഴിഞ്ഞം തുറമുഖത്തിൽ കൈകാര്യം ചെയ്തത് 78,833 TEU കണ്ടെയ്നറുകളാണ്. തെക്ക്-കിഴക്ക് മേഖലകളിലെ മറ്റ് തുറമുഖങ്ങൾ കൈകാര്യം ചെയ്തതിനെക്കാൾ വളരെ കൂടുതലാണിത്. |

സെക്ഷൻ ഓഫീസർ